പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3000. 11.12.2014 ൽ മറുപടിയ്ക്ക്

**കോഴിക്കോട് ജില്ലയിൽ വകുപ്പ് മാറ്റത്തിനുള്ള അപേക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) 2006 നു ശേഷം കോഴിക്കോട് ജില്ലയിൽ ഡിപ്പാർട്ട്മെന്റ് മാറ്റത്തിനുവേണ്ടി ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) 29 പേർ അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ഡിപ്പാർട്ട്മെന്റ് മാറ്റം അനുവദിച്ചിട്ടുണ്ട് എന്നും അത് ആർക്കൊക്കെ യാണെന്നും വിശദാംശം ലഭ്യമാക്കുമോ? | (ബി) 23 പേർക്ക് ഡിപ്പാർട്ട്മെന്റ് മാറ്റം അനുവദിച്ചിട്ടുണ്ട്. പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പിലേക്ക് മാറ്റത്തിന് വേണ്ടി ആരുടെയൊക്കെ അപേക്ഷ ലഭിച്ചു എന്നും എത്ര പേർക്ക് മാറ്റം അനുവദിച്ചു അത് ആർക്കൊക്കെ യാണെന്നും വിശദമാക്കുമോ? | (സി) പൊതു വിദ്യാഭ്യാസ വകുപ്പിൽ 5 പേരിൽ നിന്നും അപേക്ഷ ലഭിച്ചു.<br><br>1. ടി.കെ പുഷ്പവല്ലി<br>2. സുധീർ.എം.പി<br>3. നാസർ.പി.കെ.<br>4. സദാനന്ദൻ എം<br>5. കെ.റഫീക്ക്<br><br>ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ശ്രീമതി സുധ.ആർ ന്റെ അപേക്ഷയും ലഭിച്ചിട്ടുണ്ട്. ശ്രീമതി സുധ ആർ ഒഴികെ മറ്റാർക്കും നിയമനം നൽകിയതായി അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |

........2

| | |
|---|---|
| (ഡി) കെ.റഫീക്ക് എന്നയാൾ വിദ്യാഭ്യാസ വകുപ്പിൽ നിന്നു ആരോഗ്യ വകുപ്പിലേക്ക് മാറ്റത്തിന് അപേക്ഷ നൽകിയിരുന്നോ? എങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത് എന്നും അപേക്ഷയിൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ? | (ഡി) അപേക്ഷ ലഭിച്ചിട്ടുണ്ട്. 14.08.2008 നാണ് അപേക്ഷ ലഭിച്ചത്. ഇന്റർ ഡിപ്പാർട്ട്മെന്റ് മാറ്റത്തിന് ലഭിക്കുന്ന അപേക്ഷകൾ യഥാസമയം അതാത് വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകുകയാണ് ചെയ്യുന്നത്. അപ്രകാരം പ്രസ്തുത അപേക്ഷ എ6/2592/2008 തീയതി 18.08.2008 എന്ന കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ